# മൂപ്പന്മാർ കൂടാതെ ഒരു ഇടവകയിലെ നേതൃത്വം

പ്രാദേശിക സഭയിലെ നേതൃത്വത്തെ കുറിച്ചു ചിന്തിക്കുമ്പോൾ, നമ്മുടെ മനസ്സിൽ വരുന്നതു മൂപ്പന്മാരാണ്. എങ്ങനെയായാലും, ധാരാളം ഇടവകകളിൽ മൂപ്പന്മാരില്ല. അമേരിക്കയിലെ കർത്താവിന്റെ സഭയുടെ ഏതാണ്ടു പകുതിയോളം ഇടവകകളിൽ അമ്പതോ അതിൽ കുറവോ അംഗങ്ങളാണുള്ളത്; ഈ ചെറിയ ഇടവകകളിൽ നല്ലൊരു ശതമാനവും മൂപ്പന്മാരില്ലാത്തവയാണ്. പലപ്പോഴും, വലിയ സഭകളിൽ പോലും മൂപ്പന്മാർ ഉണ്ടായിരിക്കയില്ല. അതിലുപരി, മിഷൻ മേഖലയിൽ, ഇന്ത്യയിലായാലും, ആസ്ട്രേലിയ, ഗയാനാ, അല്ലെങ്കിൽ ജെർമ്മനിയിലായാലും, മൂപ്പന്മാർ ഉണ്ടാകണമെന്ന നിയമമില്ല എന്നുപറയുന്നത്, ഒഴികഴിവാണ്. അതുകൊണ്ടു, നമ്മുടെ നേതൃത്വ വിഷയത്തിലുള്ള പഠനത്തെ മൂപ്പന്മാരുടെ ചർച്ചയിൽ ഒതുക്കിയാൽ, അനേകർ നേരിടുന്ന ചോദ്യത്തെ നാം അവഗണിക്കുന്നതാകും ഫലം: മൂപ്പന്മാർ ഇല്ലാത്ത സഭകളിൽ എങ്ങനെ നേതൃത്വം അഭ്യസിക്കും?

ആ ചോദ്യത്തിനു ഉത്തരത്തിനായി, നാലു പ്രസ്താവങ്ങൾ നമുക്കു പരിഗണിക്കാം.

### മൂപ്പന്മാരില്ലാതെ ഒരു ഇടവകക്കു നിലനില്ക്കാം

ഒന്നാമത്തെ പ്രസ്താവം ഇതാണ്: *ഒരു ഇടവകക്കു മൂപ്പന്മാരില്ലാതെ വചനപ്രകാരം നിലനില്ക്കാം.* പ്രവൃത്തികൾ 13 ലും 14 ലും, പൗലൊസും ബർന്നബാസും അവരുടെ ആദ്യത്തെ മിഷ്ണറി യാത്രയിൽ ധാരാളം ഇടവകകൾ സ്ഥാപിക്കയുണ്ടായി. അവർ വീണ്ടും പഴയ സ്ഥലങ്ങളിൽ പോയപ്പോൾ, ലൂക്കൊസ് രേഖപ്പെടുത്തുന്നു "അവർ ... സഭ തോറും അവർക്കു മൂപ്പന്മാരെ നിയമിക്കയും, ഉപവസിച്ചും പ്രാർത്ഥിച്ചും പോന്നു ..." (പ്രവൃത്തികൾ 14:23). ഇവിടെ പറഞ്ഞ പല ഇടവകകളും കുറെ കാലത്തോളം മൂപ്പന്മാരില്ലാതിരുന്നു. (ആർക്കും അറിയില്ല അത് എത്രകാലം നിലനിന്നു എന്ന്; വിലയിരുത്തലിൽ പരിഗണിക്കത്തക്ക വ്യത്യാസം ഉണ്ട്.) ഇപ്പോൾ പൗലൊസും ബർന്നബാസും ഓരോ സഭ

യിലും മൂപ്പന്മാരെ നിയമിച്ചു. മൂപ്പന്മാരില്ലാതിരുന്നിട്ടും ആ സഭകൾ, സഭകളായിത്തന്നെ നിലനിന്നു! അതായതു മൂപ്പന്മാരെ കൂടാതെ പുതിയ നിയമ സഭ നിലവിലുണ്ടാകുന്നതിന് സാധ്യതയുണ്ട്.

*ഒരു മുന്നറിയിപ്പു വാക്ക്: നമുക്കു ധൃതി പിടിച്ചു മൂപ്പന്മാരെ നിയമിക്കാതിരിക്കാം.* സഹോദരന്മാർ, പുതിയ നിയമ മാതൃക പിൻപറ്റുവാനുള്ള അവരുടെ തിരക്കിൽ, മതിയായ സമയമോ വിചാരമോ കൂടാതെ ധൃതിയിൽ മൂപ്പന്മാരെ നിയമിച്ചാൽ, അവർ കൂട്ടത്തിനു അയോഗ്യരായ ഇടയന്മാരെ തിരഞ്ഞെടുക്കുകയായിരിക്കും ഫലം. *വചന വിരുദ്ധമായി സംഘടിതരായിരിക്കുന്നതിനേക്കാൾ, വചന പ്രകാരം അസംഘടിതരായിരിക്കുന്നതാണ് നല്ലതെന്നു* നാം പലപ്പോഴും ഓർമ്മിക്കണം.

## മൂപ്പന്മാർ ഉണ്ടാകേണ്ടതിനു ഒരിടവകക്ക് പദ്ധതിയുണ്ടാവണം

രണ്ടാമത്തെ പ്രസ്താവം നമുക്കു പരിഗണിക്കാം: *ഒരിടവക, ആരംഭം മുതൽ, മൂപ്പന്മാർ ഉണ്ടാകേണ്ടതിനു പദ്ധതി തയ്യാറാക്കണം.* സഭയ്ക്കു മൂപ്പന്മാർ ഇല്ലാതിരിക്കുമ്പോൾ, അതിന് ദൈവം വേണമെന്നു പറഞ്ഞ ഒന്നിന്റെ കുറവുണ്ടാകുന്നു. പൗലൊസ് തിത്തൊസിനെ ക്രേത്തയിൽ വിട്ടേച്ചു പോയതു "ശേഷിച്ച കാര്യങ്ങൾ ക്രമപ്പെടുത്തേണ്ടതിനും, പട്ടണം തോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിന്നും തന്നേ" (തിത്തൊസ് 1:5). തിത്തൊസിനെ ആ പ്രദേശത്തേക്ക് അയക്കുന്നതിനു മുൻപു തന്നെ അവിടെ സഭയുണ്ടായിരുന്നു. എന്തുകൊണ്ടു തിത്തൊസ് മൂപ്പന്മാരെ നിയമിച്ചു? ശരീരം എല്ലാം കൊണ്ടും വളരേണ്ടതിനു അവന്റെ സഭക്കു മൂപ്പന്മാർ വേണമെന്നു ദൈവത്തിനു അറിയാമായിരുന്നു; അതുകൊണ്ട്, അവൻ മൂപ്പന്മാരുടെ സേവനം സഭയിൽ വെച്ചിരിക്കുന്നു. മൂപ്പന്മാർ കൂടാതെ, ഒരു സഭയ്ക്കു വചനപ്രകാരം നിലനില്ക്കാം; അതിനു മുൻപോട്ടു നീങ്ങാം; അതു വളരുകയും ചെയ്തേക്കാം. യോഗ്യതയുള്ള മൂപ്പന്മാർ ഉണ്ടാകുന്നതുവരെ, എങ്ങനെയായാലും, ദൈവം ആഗ്രഹിക്കുന്നതുപോലെ ചെയ്യുവാനും ആകുവാനും അതിനു കഴിയുകയില്ല.

### മൂപ്പന്മാരെ നിയമിക്കുന്നതിൽ സഭകൾ മന്ദഗതിയിലാകുന്നതെന്തുകൊണ്ട്?

വളരെയധികം സഭകൾ വളരെകാലം മൂപ്പന്മാരില്ലാതെ കഴിഞ്ഞിട്ടുണ്ട്. എന്തുകൊണ്ട്? ഉപദേഷ്ടാക്കന്മാർ നേതൃത്വത്തിനു പുരുഷന്മാരെ പരിശീലിപ്പിക്കാത്തതുകൊണ്ടാണോ? ചില സഭകൾ മൂപ്പന്മാരെ നിയമിക്കാതിരിക്കുന്നതു തങ്ങളുടെ നേതൃത്വം നഷ്ടപ്പെടും എന്ന ഭയത്താലായിരിക്കുമോ? ചിലർ മൂപ്പന്മാർ ആകണമെന്ന ആശയം തള്ളിക്കളയാൻ കാരണം അവർക്ക് അധികാരത്തോടുള്ള ഇഷ്ടക്കേടായിരിക്കുമോ; ചിലർക്ക് തങ്ങളേക്കാൾ കൂടുതൽ അധികാരം ഉണ്ടാകും എന്ന ആശയത്താൽ മൂപ്പന്മാരെ നിയമിക്കാതിരിക്കാൻ കാരണമാകുന്നുണ്ടോ?

### പ്രശ്നം എങ്ങനെ പരിഹരിക്കാം?

കാരണം എന്തായാലും, അസംഖ്യം ഇടവകകൾ മൂപ്പന്മാരില്ലാതെ

വർഷങ്ങളോളം നിലനിന്നു എന്ന വസ്തുതയും ഇപ്പോഴും നിലനി ല്ക്കുന്നു എന്ന വസ്തുതയും അത്തരം സാഹചര്യങ്ങൾ ഭാവിയിൽ തുടരാതിരിക്കുവാൻ നമ്മെ ചിന്തിപ്പിക്കുകയാണ്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം? ഒരു യുക്തമായ സമയത്തിനുള്ളിൽ ഒരു ഇടവക മൂപ്പ ന്മാരെ നിയമിക്കുവാൻ എന്തെല്ലാം നടപടികളാണ് എടുക്കേണ്ടത്? മൂന്നു നിർദ്ദേശങ്ങൾ നല്കാം:

*പുരുഷന്മാരെ പരിവർത്തനം ചെയ്യിക്കുക.* ആരംഭം മുതൽ പുരുഷ ന്മാരെയും (കുടുംബത്തലവന്മാർ) കുടുംബത്തെ മുഴുവനും കർത്താ വിലേക്ക് പരിവർത്തനം ചെയ്യിക്കുവാൻ ശ്രമിക്കുക. സ്ത്രീകളും കുട്ടി കളും ആയിരിക്കും സാധാരണ കൂടുതൽ പ്രതികരിക്കുക, എന്നാൽ നമ്മുടെ പരിശ്രമം എല്ലാം അവരെ പരിവർത്തനം ചെയ്യുവാനായി ചെല വിട്ടാൽ, അതിന്റെ ഫലമായി ഇടവക സ്ത്രീകളെയും കുട്ടികളെയും കൊണ്ടു നിറയും, അങ്ങനെയാകുമ്പോൾ വർഷങ്ങളോളം മൂപ്പന്മാരെ നിയമിക്കുവാൻ സാധ്യമല്ലാതെ വരും.

*പുതിയ പരിവർത്തകരെ പരിശീലിപ്പിക്കുക.* ഉടനെ തന്നെ നേതൃ ത്വത്തിനു നാം പുരുഷന്മാരെ പരിശീലിപ്പിക്കണം. ആ പരിശീലനത്തിൽ സിദ്ധാന്തവും പ്രായോഗികവും ഉൾപ്പെടുത്തണം. അവർ ബൈബിൾ ഉപ ദേശങ്ങളും, സഭാ സംഘടനകളെ കുറിച്ചും, സഭാ നേതൃത്വത്തെ കുറിച്ചും പഠിക്കുവാൻ നാം ആഗ്രഹിക്കുന്നു. അവർ പഠിച്ചതു പരിശീലിച്ചു തുട ങ്ങണമെന്നും നാം ആഗ്രഹിക്കുന്നു - അത് മറ്റുള്ളവരെ പഠിപ്പിക്കയും, ബൈബിൾ ക്ലാസ്സിൽ പഠിപ്പിക്കയും, ആരാധന നയിക്കുകയും, പരസ്യ മായി പ്രസംഗിക്കയും ചെയ്തു കൊണ്ടാണ് പരിശീലിക്കേണ്ടത്. വായ നയിലൂടെയും, തപാൽ പഠനത്തിലൂടെയും അല്ലെങ്കിൽ വീഡിയോ കോഴ്സുകളിൽ കൂടെയും, കൂടാതെ പുരുഷന്മാർക്കു അവരുടെ താല ന്തുകൾ പ്രകടിപ്പിക്കുവാൻ അവസരം കൊടുത്തുകൊണ്ടും വേണം, ക്ലാസുകളിൽ, വ്യക്തിപരമായ പരിശീലനം നൽകേണ്ടത്.

*പുരുഷന്മാരെ നേതൃത്വത്തിൽ പങ്കുകാരാക്കുക.* സഭയുടെ തീരുമാനം - എടുക്കുന്ന നടപടികളിൽ ഭാവിയിൽ അദ്ധ്യക്ഷന്മാരാകേ ണ്ടവർ ആദ്യം മുതലെ പങ്കെടുക്കണം. അങ്ങനെ അവർ സഭയെ നയി ക്കുവാൻ നല്ല ഒരുക്കം ഉള്ളവരായി തീരും.

ഉപദേഷ്ടാക്കന്മാരും മിഷ്ണറിമാരും ചിലപ്പോൾ ആ സ്റ്റെപ്പ് എടു ക്കുവാൻ ഭയപ്പെടുന്നുണ്ട്. ചിലർ തീരുമാനമെടുക്കുന്നതിൽ ഉന്നയിക്കുന്ന തടസ്സം അവർ ക്രിസ്തുവിൽ ശിശുക്കളാണെന്നാണ്, അവർ പറയുന്നത്, “സഭയുടെ പ്രവർത്തനങ്ങളെ കുറിച്ചു തീരുമാനങ്ങൾ എടു ക്കുവാൻ മതിയായ അറിവു അവർക്കില്ല”; അല്ലെങ്കിൽ “അവർ നാമ ധേയ വിഭാഗക്കാരുടെ ചില തെറ്റായ ഉപദേശങ്ങൾ മുറുകെ പിടിക്കും.”

ആ എതിർപ്പിനുത്തരമായി, ഞാൻ സൂചിപ്പിക്കുന്നതു, ഒന്നാമതു, പുതിയ ക്രിസ്ത്യാനികളിൽ മിക്കവർക്കും തങ്ങൾ ബൈബിൾ കൂടുതൽ പഠിക്കേണ്ടതുണ്ടെന്ന അറിവുള്ളവരാണ്, കുറെ പേർ അവരുടെ നില വാരത്തിന് അപ്പുറം പോകുന്നു. രണ്ടാമതു, ക്രിസ്തുവിൽ ശിശുക്കളായ വർക്ക് ബൈബിൾ കുറച്ചു മാത്രമേ അറിയാവൂ എന്നതു വാസ്തവമാ ണെങ്കിലും, അവർക്ക് വ്യാപാര പരിശീലനങ്ങളെ കുറിച്ചും അയൽക്കാ

രനെ എങ്ങനെ ക്രിസ്തുവിലേക്കു കൊണ്ടു വരാമെന്നതിനെ കുറിച്ചും നന്നായി അറി*യാമായിരിക്കാം.* പുതിയ ശിഷ്യന്മാരുടെ ചോദ്യങ്ങളായ "നാം എവിടെയാണ് കൂടിവരുന്നത്?"; "എപ്പോഴാണ് കൂടിവരുന്നത്?"; "ഈ സ്ഥലത്ത് സുവിശേഷം അറിയിക്കുവാനുള്ള ഏറ്റവും നല്ല രീതികൾ എന്താണ്?" എന്നിവ ഉപദേഷ്ടാവ് കേൾക്കണം. മൂന്നാമതായി, അംഗങ്ങളെ തീരുമാനം – എടുക്കുന്നതിൽ നിന്നു മാറ്റിനിർത്തിയാൽ അതിനു നിഷേധ ഫലങ്ങൾ ഉണ്ടാകും. അതു ഉപദേഷ്ടാവായാലും മിഷ്ണറി ആയാലും സഭ ക്രിസ്തുവിന്റേതല്ല, തന്റേതാണെന്നു വരുത്തി തീർക്കുകയും, പുതിയ ശിഷ്യന്മാർക്കും അത്തരം മനോഭാവം ഉണ്ടാകാനിടവരുത്തുകയും ചെയ്യും. അതിലുപരിയായി, തീരുമാനങ്ങൾ – എടുക്കുന്നതിൽ നിന്നു പുതു ശിഷ്യന്മാരെ മാറ്റി നിർത്തിയാൽ അവർ ആത്മിയമായി ശിശുക്കളായിത്തന്നെ തുടരും. ശിശുക്കൾ തങ്ങളുടെ ആത്മിയ പേശികൾ അഭ്യസിച്ചാൽ മാത്രമേ ക്രിസ്ത്യാനികൾ പക്വതയിലെത്തി, വാസ്തവത്തിലുള്ള നേതൃത്വ നിരയിലേക്ക് ഉയരുകയുള്ളൂ.

### മൂപ്പന്മാരില്ലാത്ത ഇടവക അതിന്റെ ഇടപാടുകൾ നടത്തുവാനുള്ള ഏർപ്പാട് ചെയ്തിരിക്കണം

ഇതാ മൂന്നാമത്തെ പ്രസ്താവം: *ഒരു ഇടവകക്കു മൂപ്പന്മാർ ഉണ്ടാകുന്നതുവരെ, സഭയുടെ കാര്യങ്ങൾ നടത്തുവാൻ മറ്റു ഏർപ്പാടുകൾ ചെയ്തിരിക്കണം.* ഒരു ഇടവക ആരംഭിച്ച ഉടനെ, ചോദ്യങ്ങൾ ഉയരാം: അവർ എവിടെ കൂടി വരും? എപ്പോൾ അവർ കൂടി വരും? ആർ പ്രസംഗിക്കും? എന്തെല്ലാം ക്ലാസുകളാണ് അവർക്കുണ്ടാവുക, ആർ അവരെ പഠിപ്പിക്കുമെന്നും? കർത്തൃമേശ ആരാണ് ഒരുക്കുന്നത്? അവർ ശേഖരിക്കുന്ന പണം എന്തു ചെയ്യും? ആ ചോദ്യങ്ങൾക്കും മറ്റുള്ളവക്കും ഉത്തരം കണ്ടെത്തേണ്ടതായുണ്ട്. തീരുമാനങ്ങളും എടുക്കണം. ഉടനെ, സഭയുടെ കാര്യങ്ങൾ നടത്തേണ്ടതിനു ചില ഏർപ്പാടുകൾ ചെയ്യേണ്ടതായ ആവശ്യം ഉണ്ടാകും.

**അനൗപചാരിക രീതികൾ**

ചില ഇടവകകളിൽ ഇടപാടുകൾ നടത്തുന്നതു അനൗപചാരികമായിട്ടാണ്. ആരാധനാശുശ്രൂഷകൾക്കുശേഷം പുരുഷന്മാർ കൂടി നിൽക്കുമ്പോൾ, ചുരുങ്ങിയ സംസാരത്താൽ തീരുമാനങ്ങൾ എടുത്തേക്കാം. ഒരു പക്ഷെ ഇതിൽ തെറ്റൊന്നും കാണുകയില്ല; മാസത്തിൽ ഒരിക്കൽ ഉള്ള ബിസിനസ് മീറ്റിങ്ങ് തിരുവെഴുത്ത് ആവശ്യപ്പെടുന്നില്ല.

എങ്ങനെയായാലും, അനൗപചാരികമായ തീരുമാനം – എടുക്കുന്ന നടപടിയിൽ അപകടം നിലനില്ക്കുന്നുണ്ട്. ഒന്നാമതു, ഇടപാടുകൾ ഒന്നും നടക്കുകയില്ല എന്നതിനാൽ അപകടം ഉണ്ട്. ഒരു ഇടവകക്കു തീരുമാനം എടുക്കേണ്ടതായിട്ടില്ലെങ്കിൽ, സഭ നഷ്ടപ്പെടുന്നവരെ കണ്ടെത്തുകയോ അല്ലെങ്കിൽ മറ്റുള്ളവരെ സഹായിക്കയോ ഇല്ല. രണ്ടാമതു, അത്തരം സാഹചര്യം "ദിയൊത്രെഫേസിനെ പോലെ, പ്രധാനിയാകുവാൻ എഴുന്നേൽക്കുന്നതായിരിക്കും" (3 യോഹന്നാൻ 9). ഒരാൾ അനൗപചാരികമായി തീരുമാനം – എടുക്കുന്നതു ഇഷ്ടപ്പെടുന്നതിന്റെ കാരണം

അയാൾക്ക് സഭയെ സ്വാധീനിക്കുവാൻ സാധിക്കുന്നതുകൊണ്ടാണ്. മൂന്നാമതു, ഇടപാടുകൾ ക്രമമായി നടത്തണമെന്നില്ല. ചെയ്യേണ്ട ജോലികൾ ചെയ്യാതിരിക്കും; തിരുത്തേണ്ടവ തിരുത്താതിരിക്കും; ഒരു പ്രശ്നം ഉന്നയിക്കുമ്പോൾ പരിഹാരം കണ്ടെത്തുന്നതിനുപകരം ശ്രദ്ധിക്കാതെ പോകുന്നു; അല്ലെങ്കിൽ ഇടവകയുടെ ഇഷ്ടം തീരുമാനങ്ങളിൽ പ്രതിഫലിക്കയില്ല.

**ബിസിനസ് മീറ്റിങ്ങ്സ്**

ഈ അപകടങ്ങൾ (ഒരു പക്ഷെ മറ്റു പലതും) കാരണം, സഭയ്ക്കു വേണ്ടി കൂടുതൽ തീരുമാനങ്ങൾ എടുക്കുവാൻ പലപ്പോഴും ഔപചാരിക മീറ്റിങ്ങ് വേണ്ടി വരും.

*ഈ ബിസിനസ് മീറ്റിങ്ങുകളിൽ ആരാണ് സംബന്ധിക്കേണ്ടത്?* സാധാരണ, ഇടവകയിലെ എല്ലാ പുരുഷന്മാർക്കും സംബന്ധിക്കുവാൻ അധികാരം ഉണ്ട്. സ്ത്രീകൾ "പുരുഷന്മാരുടെ ആധിപത്യം ചെലുത്തും" എന്നുള്ളതുകൊണ്ടു സ്ത്രീകളെ അതിൽ നിന്നും ഒഴിവാക്കും (1 തിമൊഥെയൊസ് 2:12). അതിൽ കൂടുതലായി, പുരുഷന്മാർ മാത്രം മൂപ്പന്മാർ ആകുന്നതുകൊണ്ടു, അവരാണ് നയിക്കുവാൻ പഠിക്കേണ്ടത്, ബിസ്നസ് മീറ്റിങ്ങുകൾ നേതൃത്വ പരീക്ഷണശാലയാണ്. സ്ത്രീകളെ അതിലേക്കു ക്ഷണിക്കുന്നില്ലെങ്കിലും, കൂടി വരുന്ന പുരുഷന്മാർ അവരെ പരിഗണിക്കേണ്ടതുണ്ട്. തീരുമാനമെടുക്കേണ്ടത് സ്ത്രീകളെ സംബന്ധിച്ചാണെങ്കിൽ (ഉദാഹരണമായി, സ്ത്രീകളോടു ആഹാരം തയ്യാറാക്കുവാൻ ആവശ്യപ്പെട്ടാൽ അല്ലെങ്കിൽ സണ്ടേ സ്കൂൾ ടീച്ചേഴ്സ് എന്തെങ്കിലും ചെയ്യേണ്ടതായി ആവശ്യപ്പെട്ടാൽ) മീറ്റിങ്ങിനു *മുൻപു* അത് അവരെ അറിയിക്കേണ്ടതാണ്. തീർച്ചയായും, മീറ്റിങ്ങിനു*ശേഷം*, മീറ്റിങ്ങിൽ നടന്നതു *എല്ലാ* അംഗങ്ങളേയും അറിയിച്ചിരിക്കണം. അതിനുപുറമെ, സ്ത്രീകളുടെ വികാരങ്ങൾ, ആശയങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ തീരുമാനമെടുക്കുമ്പോൾ പരിഗണിക്കേണ്ടതാണ്. സഭയെ മുഴുവൻ ബാധിക്കുന്ന തീരുമാനങ്ങൾ പുരുഷന്മാർ എടുക്കുമ്പോൾ, സഭയുടെ 75 ശതമാനം പ്രവൃത്തികൾ ഒരുപക്ഷെ ചെയ്യുന്ന സഭയുടെ ഭൂരിഭാഗം വരുന്ന ആളുകളെ അവഗണിക്കുന്നത്, പുരുഷന്മാരുടെ ബുദ്ധിശൂന്യമായ പ്രവൃത്തി ആയിരിക്കാം! തികച്ചും, ബിസിനസ് മീറ്റിങ്ങിൽ എടുക്കുന്ന തീരുമാനങ്ങൾ ഇടവകയിലെ സ്ത്രീകൾ അടക്കം, എല്ലാവരുടേയും വികാരങ്ങൾ മാനിച്ചുകൊണ്ടായിരിക്കണം.

*ബിസിനസ് മീറ്റിങ്ങുകൾ എങ്ങനെ നടത്തണം?* ഔപചാരിക മീറ്റിങ്ങുകൾ നടത്തുവാൻ പുതിയ നിയമം ആവശ്യപ്പെടുന്നില്ല; മാത്രമല്ല അവയുടെ നടത്തിപ്പിനു കഠിന-വും-വേഗതയുള്ളതുമായ നിയമാവലികളും വെച്ചിട്ടില്ല. എങ്ങനെയായാലും, സഹായകരമായ ചില പൊതുവായ നിർദേശങ്ങൾ ഞാൻ നല്കട്ടെ:

ആദ്യമായി, "സകലവും ഉചിതമായും ക്രമമായും നടക്കട്ടെ" (1 കൊരിന്ത്യർ 14:40). ഈ തത്വം സഭയുടെ ആരാധനയിലും, ബിസിനസ് മീറ്റിങ്ങിലും പ്രായോഗികമാക്കണം. തീർച്ചയായും, "ഉചിതവും" "ക്രമവും" ആയി പരിഗണിക്കുന്നത് ഓരോ ഇടവകക്കും വ്യത്യസ്തമായിരിക്കും.

ഒരു സഭ അക്ഷരികമായി കർശന നിയമങ്ങളും പാർല മെന്ററി സമ്പ്ര ദായവും നടപ്പിലാക്കിയേക്കാം. മറ്റൊരിടവക അവരുടെ ബിസിനസ് മീറ്റി ങ്ങിൽ പാർലമെന്ററി സമ്പ്രദായം നടപ്പിലാക്കുകയില്ല, എങ്കിലും അവ രുടെ ലക്ഷ്യം അവർ തൃപ്തികരമായി നിറവേറ്റും. എന്തു ചെയ്താലും, മീറ്റിങ്ങുകൾ അതിൽ ഉൾപ്പെടുന്നവരുടെ നിലവാരം അനുസരിച്ചു ക്രമ മായി വേണം നടത്തേണ്ടത്.

രണ്ടാമതു, മീറ്റിങ്ങ് നടത്തേണ്ടതു ക്രിസ്തീയ അന്തരീക്ഷത്തിലാണ്. പുരുഷന്മാർ ദയയുള്ളവരായിരിക്കണം, അവർ പറയുന്നതു ശ്രദ്ധയോടെ ആകണം, മറ്റുള്ളവരോടു ക്ഷമയും ദീർഘക്ഷമയും കാണിക്കണം, സ്നേഹത്തോടെ പ്രവർത്തിക്കയും വേണം. അത്തരം മനോഭാവത്തിൽ വേണം ഉയരുന്ന ചോദ്യങ്ങളെ സഹോദരന്മാർ നേരിടുവാൻ.

മൂന്നാമതു, പ്രവൃത്തിയുടെ ഒരു വശവും ഉപേക്ഷിക്കരുത്. ബില്ലു കൾ കൊടുത്തു തീർക്കണം; കെട്ടിടം നന്നാക്കി നിർത്തണം; ഉപദേഷ്ടാ ക്കന്മാരെ തിരഞ്ഞെടുക്കണം. എഴുത്തുകൾക്കു മറുപടി അയക്കണം, അപേക്ഷകൾ പരിഗണിക്കണം, സുവിശേഷ വേലക്കും ധർമ്മോപകാര ത്തിനും പദ്ധതികൾ തയ്യാറാക്കണം. അതിലുപരി, അംഗങ്ങളുടെ ആത്മിയ ക്ഷേമം കണക്കിലെടുക്കണം. ചിലപ്പോൾ നാം ഐഹിക കാര്യങ്ങളിൽ തിരക്കിട്ടുകൊണ്ടു ആത്മിയമായവയെ അവഗണിക്കുവാനിടയുണ്ട് - നമ്മുടെ കരുതലിൽ ഉള്ള ആത്മാക്കൾ. ഭൗതികമായവയെ നാം അവഗ ണിക്കരുത്, എന്നാൽ കൂടുതൽ ആത്മാക്കളെ നേടുന്നതെങ്ങനെയെന്നും അവരെ രക്ഷിക്കപ്പെട്ടവരായി നിലനിർത്തേണ്ടതെങ്ങനെ എന്നും ചർച്ച ചെയ്യാൻ നാം കൂടുതൽ സമയം ചിലവാക്കണം!

നാലാമതു, വളരെ മുൻപു തന്നെ പദ്ധതികൾ തയ്യാറാക്കണം. പല ഇടവകകളും അടുത്ത മാസം ഒരു സുവിശേഷ യോഗം നടത്തുവാൻ ഈ ഒരു മാസം ചർച്ച ചെയ്യും. കൂടുതൽ സമയം പദ്ധതി തയ്യാറാക്ക ലിനു എടുക്കണം.

അഞ്ചാമതു, ബിസിനസ് മീറ്റിങ്ങിൽ തീരുമാനിച്ച കാര്യങ്ങൾ നട പ്പിൽ വരുത്തണം. പലപ്പോഴും, പുരുഷന്മാർ ചിലപ്പോൾ ചിലതു ചെയ്യു വാൻ തീരുമാനം എടുക്കും പക്ഷെ ആ തീരുമാനം അവിടെ തന്നെ ഉപേ ക്ഷിക്കും. ആരെയെങ്കിലും ജോലി ചെയ്യുവാൻ ഏല്പിച്ചില്ലെങ്കിൽ, ആരും ചെയ്യുകയില്ല! "എല്ലാവരുടെയും ജോലി ആരുടേയും ജോലി അല്ല," എന്നു പറഞ്ഞു കേട്ടിട്ടുണ്ട്.

ആറാമതു, ബിസിനസ് മീറ്റിങ്ങിൽ പങ്കെടുക്കുന്ന പുരുഷന്മാർ ഉത്ത രവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ ശീലിക്കണം. എല്ലാ പാട്ടുകളും ആർ പാടണമെന്നും, എല്ലാ പ്രാർത്ഥനകളും ആർ പ്രാർത്ഥിക്കണമെന്നും പുരു ഷന്മാർ തീരുമാനിച്ചു കഴിഞ്ഞാൽ, ചെറിയ തീരുമാനങ്ങൾ എടുക്കു മ്പോൾ പ്രധാനപ്പെട്ട ചോദ്യങ്ങൾ ചർച്ച ചെയ്യുകയുമില്ല. ഒരു വ്യക്തി യെയോ അല്ലെങ്കിൽ ഒരു കമ്മിറ്റിയെയോ ഒരു പ്രവൃത്തി ഏല്പിക്കുക, ആ പ്രവൃത്തിയുടെ അതിരുകൾ നിർവ്വചിക്കുക, എത്ര പണം അതിനായി ചെലവിടാമെന്നു തീരുമാനിക്കുക, എപ്പോൾ അതിന്റെ റിപ്പോർട്ട് നല്ക ണമെന്നു തീരുമാനിക്കുകയും ചെയ്യുന്നതാണ് ഒരു നല്ല പദ്ധതി. ആ ജോലി പൂർത്തിയാക്കിയശേഷം (അല്ലെങ്കിൽ അതു പുരോഗമിക്കു

മ്പോൾ), ആ വ്യക്തിയോ കമ്മിറ്റിയോ മീറ്റിങ്ങിൽ റിപ്പോർട്ട് അവതരിപ്പിക്കയും കൂടുതൽ നിർദ്ദേശങ്ങൾ സ്വീകരിക്കയും ചെയ്യണം.

ഒരു മുന്നറിയിപ്പു വാക്കു നല്കിയിരിക്കണം: ഒരു കമ്മിറ്റി വ്യവസ്ഥ പലപ്പോഴും ജോലി തീരാതിരുന്നതിനു അന്യോന്യം കുറ്റപ്പെടുത്തുവാൻ സൗകര്യപ്പെടുന്നതായി മാറാറുണ്ട്. ആവശ്യമില്ലെങ്കിൽ കമ്മിറ്റിയെ തിരഞ്ഞെടുത്ത് ആക്കരുത്, ആവശ്യത്തിലധികവും അരുത്, സേവന മനോഭാവം ഉള്ളവരെ മാത്രമെ ഉൾപ്പെടുത്താവൂ.

ഏഴാമതു, മീറ്റിങ്ങുകളിൽ പങ്കെടുക്കുന്ന എല്ലാവർക്കും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ അവസരം ഉണ്ടായിരിക്കണം, പക്ഷെ ഓരോ പുരുഷന്റേയും സംസാരിക്കുവാനുള്ള അവകാശത്തിനു പരിധി നിർണ്ണയിക്കണം. ആരും മറ്റൊരാളുടെ സമയം കവർന്നെടുക്കുവാനോ അല്ലെങ്കിൽ ആ മീറ്റിങ്ങിൽ മുഴുവൻ സമയവും സംസാരിക്കുവാനും തുനിയരുത്. ഒരൊറ്റ ശബ്ദത്താൽ മാത്രം മീറ്റിങ്ങുകൾ നിയന്ത്രിക്കരുത്. ഓരോ പുരുഷനും തന്റെ പരിധിക്കുള്ളിൽ, സ്വതന്ത്രരായി, സംഘത്തിനു മുൻപിൽ തന്റെ അഭിപ്രായം എന്താണെങ്കിലും പറയാം.

എട്ടാമതു, ബിസിനസ് മീറ്റിങ്ങുകളിൽ അഭിപ്രായ ഐക്യത്തോടെയാണ് തീരുമാനം എടുക്കേണ്ടത്, അതായതു, ഇടവകയുടെ പൊതുവായ താല്പര്യത്തെ കണക്കാക്കി എല്ലാവരും യോജിക്കണം, അല്ലാതെ ഭൂരിപക്ഷം വോട്ടവകാശം നോക്കിയാവരുത്. "ഭൂരിപക്ഷ വോട്ടെടുപ്പു" എന്നതിനു പല കോട്ടവും സംഭവിക്കാം.

ഒരു കാര്യത്തിൽ, അതു സഭയിൽ തീരുമാനം - എടുക്കുന്ന ദൈവത്തിന്റെ മാതൃകയുമായി യോജിക്കുകയില്ല. ആ മാതൃക - പ്രായമുള്ളവരും, ബുദ്ധിയുള്ളവരും, കൂടുതൽ ജ്ഞാനം ഉള്ളവരും, കൂടുതൽ പരിചയം ഉള്ളവരും ആയവരെ - മൂപ്പന്മാരായി കൂട്ടത്തെ നയിക്കുവാൻ വിളിക്കുന്നു. അത്തരത്തിലുള്ള നേതൃത്വമാണ് സഹോദരന്മാർ മനസ്സിലാക്കേണ്ടത്. എങ്ങനെയായാലും, സഹോദരന്മാർ ഒരുമിച്ചു ഭൂരിപക്ഷ വോട്ടിന്റെ ബലത്തിൽ തീരുമാനം എടുക്കുമ്പോൾ, മൂപ്പന്മാർ അടങ്ങുന്ന നേതൃത്വരീതി സ്വീകരിക്കുവാൻ അവർ ഒരുക്കമല്ല. അതുകൊണ്ട്, മീറ്റിങ്ങിൽ, എല്ലാ പുരുഷന്മാർക്കും പറയുവാനുള്ളതു പറയുവാൻ അനുവദിക്കണം, എന്നാൽ ഒരാളുടെ അഭിപ്രായം മറ്റൊരാളുടേതു പോലെ നല്ലതാവണമെന്നില്ല. അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോൾ ആത്മിയത, പക്വത, പരിചയം, ജ്ഞാനം, പരിശീലനം, വിശ്വസ്തത എന്നിവയിലെ വ്യത്യാസങ്ങൾ കണക്കിലെടുക്കണം.

അതിലുപരിയായി, ഒരു "ഭൂരിപക്ഷ-ഭരണനയ" ത്തിന്റെ അന്തിമഫലം കുഴപ്പങ്ങൾ ആയിരിക്കും. ഉദാഹരണമായി, 8-ൽ 5 വോട്ടിന്റെ അടിസ്ഥാനത്തിൽ, ഒരു തീരുമാനം എടുത്താൽ, തീരുമാനവുമായി ബന്ധപ്പെട്ട 40 ശതമാനം പേർ അതിനെ അനുകൂലിക്കുകയില്ല. ആ 40 ശതമാനം പേർക്കു സഭയുടെ ആ തീരുമാനം താല്പര്യത്തോടെ അനുകൂലിക്കുവാനോ സഭയെ പറ്റി നല്ല അഭിപ്രായം തോന്നുവാനോ പ്രയാസമായിരിക്കും; ഭൂരിപക്ഷം പേരും തെറ്റായ തീരുമാനം എടുത്തതിനാൽ ആ ഇടവകയിലെ ആരാധനയിൽ അവർക്ക് വിശ്വാസമില്ലാതെ വരും. "ഭൂരിപക്ഷ വോട്ട്" വ്യവസ്ഥ വ്യത്യാസം വലുതാക്കി കാണിക്കു

കയോ അല്ലെങ്കിൽ ഭിന്നത സൃഷ്ടിക്കുകയോ ചെയ്യും.

പകരം എന്തു ചെയ്യാം? ഒന്നാമതു, ബിസിനസ് മീറ്റിങ്ങിൽ സംബന്ധിക്കുന്നവരെല്ലാം ഈ ചോദ്യത്തിൽ യോജിപ്പുള്ളവരായിരിക്കാൻ ശ്രമിക്കണം "ഈ ചോദ്യത്തിൽ ന്യൂനപക്ഷ വികാരങ്ങളെ ഏതെങ്കിലും വിധത്തിൽ മാറ്റുമോ?" ഒരു വിട്ടുവീഴ്ച്ച നടത്താൻ ശ്രമിക്കാം. വിട്ടുവീഴ്ച്ചയിൽ എത്തുന്നില്ലെങ്കിൽ, മറ്റു പദ്ധതികൾ തീർച്ചയായും ആവിഷ്കരിക്കണം. ആശയം, സ്പഷ്ടമാക്കുന്നത്, തീരുമാനങ്ങൾ എടുക്കുമ്പോൾ, മീറ്റിങ്ങിൽ പങ്കെടുത്ത എല്ലാവർക്കും, അല്ലെങ്കിൽ അധികം പേർക്കും എടുത്ത തീരുമാനം ഇടവകയിലെ ആത്മാക്കളുടെ താല്പര്യത്താലുള്ളതാണെന്ന് ഉറപ്പു കൊടുക്കുന്നതാകുവാനാണ് ശ്രമിക്കേണ്ടത്.

ഈ തത്വം പ്രായോഗികമാക്കുമ്പോൾ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്ന്, ന്യൂനപക്ഷ നിഷ്ഠൂര ഭരണം ഒഴിവാക്കണം. ഒരു നിർദ്ദേശം ഒന്നോ രണ്ടോ പേർ എതിർക്കുകയാണെങ്കിൽ, ആ നിർദ്ദേശം ഉപേക്ഷിക്കണം എന്നല്ല അതിനർത്ഥം. രണ്ട്, ക്രിസ്തീയ മനോഭാവത്തിനാവശ്യം ഓരോരുത്തരും അന്യോന്യം കീഴ്പ്പെടാൻ പഠിക്കുക എന്നതാണ്; മറിച്ചു ചെയ്യുന്നതു ഭിന്നിപ്പുണ്ടാക്കും. അതുകൊണ്ടു, ആ ന്യൂനപക്ഷത്തിന്റെ ഭാഗമായ ആൾ, തന്റെ ഇഷ്ടം ഭൂരിപക്ഷം ആളുകളിൽ അടിച്ചേല്പിക്കണോ അടിച്ചേല്പിക്കാതിരിക്കണോ എന്നു സ്വയം ചോദിക്കണം. തികച്ചും യുക്തമായി, അഭിപ്രായ വ്യത്യാസം നേരിടുമ്പോൾ, എല്ലാ ക്രിസ്ത്യാനികളും സഹോദരങ്ങൾക്കായി വിട്ടുകൊടുക്കണം.

## പുരുഷന്മാർ തങ്ങളുടെ നേതൃത്വപാടവം അഭ്യസിച്ചു തുടങ്ങണം

നമുക്ക് ഇനി നാലാമത്തെ പ്രസ്താവം നോക്കാം: മൂപ്പന്മാരെ നിയമിക്കുന്നതിനു മുൻപു തന്നെ, പുരുഷന്മാർ ഇടവകയിൽ നയിക്കുവാനുള്ള കഴിവു ഉപയോഗിച്ചു തുടങ്ങണം. ആ കഴിവു ദൈവം - നല്കിയ താലന്താണ്, അതു 1 കൊരിന്ത്യർ 12:28-ൽ നിന്നും വ്യക്തമാണ്, അവിടെ പൗലൊസ് സംസാരിച്ചത് "പരിപാലന" വരം, "പരിപാലകർ" (ആർഎസ്‌വി) അല്ലെങ്കിൽ "ഗവൺമെന്റുകൾ" (കെജെവി). ഗ്രീക്കു വാക്കിന്റെ അക്ഷരികമായ അർത്ഥം "കപ്പൽ ഓടിക്കുന്ന കപ്പിത്താൻ പാറകൾക്കിടയിലൂടെയും മത്സ്യക്കൂട്ടങ്ങൾക്കിടയിലൂടെയും ഓടിച്ചു കപ്പൽ തുറമുഖത്തെത്തിക്കുന്നു"[1] എന്ന ആശയമാണ് നല്കുന്നത്. അതിൽ സ്പഷ്ടമായും ഉൾപ്പെടുന്നത് - പ്രാഥമികമായി - സഭയിലെ ഇടയന്മാരുടെ ജോലിയാണ്; അതു അവരിൽ മാത്രം ഒതുങ്ങേണ്ടതല്ല. ഒരു വ്യാഖ്യാതാവു പറഞ്ഞു, "പ്രവൃത്തി തീർച്ചയായും ഒരു ദിശയിലേക്കു നയിക്കയാണ്, ഒരുപക്ഷെ അതു മൂപ്പന്മാരുടെ പ്രവൃത്തി ആകാം. എന്നാൽ നമുക്ക് അതു അറിയുവാൻ വഴിയില്ല."[2]

ആ വാക്കു മൂപ്പന്മാരെ മാത്രം സൂചിപ്പിക്കുന്നതാണെങ്കിൽ പോലും, ഈ ചോദ്യം ഉയരുന്നു: "പുരുഷന്മാരെ മൂപ്പന്മാരായി നിയമിക്കുമ്പോൾ മാത്രമെ ദൈവം ആ കഴിവു നല്കുന്നുള്ളോ?" ഒരാളെ മൂപ്പനായി നിയമിക്കുമ്പോഴാണ് അയാളുടെ "പരിപാലന" പാടവം നമുക്കു തിരിച്ചറി

യാൻ കഴിയുന്നതു എന്നു പറയുന്നതാവും ശരി. അങ്ങനെയാണെങ്കിൽ, മൂപ്പന്മാരായി നിയമിക്കുന്ന പുരുഷന്മാർക്കു നേതൃത്വ കഴിവു നേരത്തെ ഉണ്ടായിരുന്നു. അതുകൊണ്ട് അവർ മൂപ്പന്മാരായി നിയമിക്കപ്പെടുന്നതിനു മുൻപു അവരെ നേതൃത്വത്തിൽ അഭ്യസിപ്പിക്കണം.

### തനിക്കു നയിക്കുവാനുള്ള കഴിവുണ്ടെന്ന് അയാൾക്ക് എങ്ങനെ അറിയാം?

നയിക്കുവാനുള്ള കഴിവു ഒരാൾക്ക് ഉണ്ടോ ഇല്ലയോ എന്ന് അയാൾക്ക് എങ്ങനെ അറിയാം? ആ ചോദ്യത്തിനു ഉത്തരം ലഭിക്കുവാൻ, നാം മറ്റൊന്നിനു ഉത്തരം കണ്ടെത്തണം: നിങ്ങൾക്കു പാട്ടു പാടുവാനുള്ള കഴിവുണ്ടോ ഇല്ലയോ എന്ന് നിങ്ങൾക്കെങ്ങനെ അറിയാം? പാടാൻ ശ്രമിക്കുന്നതിലൂടെ! കുറെ സമയത്തേക്കു നന്നായി പാടി തുടങ്ങാതെ നമുക്ക് പാടാനുള്ള കഴിവ് ഉണ്ടോ ഇല്ലയോ എന്ന് അറിയുവാൻ സാധ്യമല്ല. അതുപോലെ, നേതൃത്വ താലന്തു നമ്മിൽ ഉണ്ടോ അതോ ഇല്ലയോ എന്ന് അറിയണമെങ്കിൽ ആ താലന്തിനെ അഭ്യസിപ്പിക്കാൻ ശ്രമിക്കണം, കൂടാതെ അതിനു സാധിക്കുന്നതുവരെ ആ ശ്രമം തുടരുകയും വേണം. ഒരാൾ, "എനിക്ക് ഒരിക്കലും ഒരു മൂപ്പൻ ആകുവാൻ കഴിയുകയില്ല; ഞാൻ ആ ജോലിക്കു പറ്റിയവൻ അല്ല," എന്ന് പറയുകയും മൂപ്പനാകുവാൻ കഴിവുണ്ടായിട്ട് അതു വളർത്തി എടുക്കാതെയുമിരുന്നാൽ, അയാൾ ദൈവം നല്കിയ താലന്തു കുഴിച്ചിടുകയായിരിക്കും ചെയ്യുന്നത്.

### ഒരാൾ തന്റെ താലന്തുകൾ എങ്ങനെ ഉപയോഗിച്ചു തുടങ്ങും?

*തനിക്കു ചുറ്റുമുള്ള ആളുകളോടു കല്പിച്ചുകൊണ്ടല്ല ഒരാൾ നയിക്കേണ്ടത്.* തന്റെ താലന്തുകൾ ആളുകളിൽ അടിച്ചേൽപ്പിച്ചുകൊണ്ടായിരിക്കരുത് നേതൃത്വത്തിന്റെ താലന്ത് അയാൾ പരിശീലിക്കുവാൻ! ചിലർ വിചാരിക്കുന്നതു അതു നേതൃത്വത്തിലേക്കുള്ള വഴി ആണെന്നാണ്; ചില ഇടവകകളിൽ "ധാരാളം മുഖ്യന്മാരുണ്ട് പക്ഷേ വേണ്ടത്ര ആൾക്കാരില്ല," ധാരാളം സൂപ്പർവൈസർമാരുണ്ട്, എന്നാൽ വേണ്ടത്ര ജോലിക്കാരില്ല. നേതൃത്വത്തെ കുറിച്ച് ഒരു മൂപ്പൻ അഭ്യസിക്കേണ്ട ആശയം മനസ്സിലാക്കാത്തതിന്റെ ഫലമാണിത്. 1 പത്രൊസ് 5:1-5 അനുസരിച്ചു, മൂപ്പന്മാർ അടക്കി വാഴുന്നവർ ആകരുത്; "[അവരുടെ] വിചാരണയിലുള്ളവരുടെ മേൽ കർത്തൃത്വം" നടത്തുവാൻ പാടില്ല. അവർ ബോസുമാരല്ല. "ഞാൻ നിങ്ങളുടെ മൂപ്പന്മാരിൽ ഒരാൾ ആയതുകൊണ്ട്, ഞാൻ പറയുന്നതു നിങ്ങൾ ചെയ്യണം" എന്ന മനോഭാവം ആയിരിക്കരുത് അവർക്കുള്ളത്. വാസ്തവത്തിൽ, 1 പത്രൊസ് 5:5-ൽ ഉള്ള പരിപാലനം "അന്യോന്യം *താഴ്മ* ധരിച്ചു കൊൾവിൻ," എന്നതു *എല്ലാ മൂപ്പന്മാരും തുല്യമായി പ്രയോഗത്തിൽ വരുത്തണം*! മൂപ്പന്മാർ മാതൃക കാണിക്കണം. അവർ നയിക്കേണ്ടതു നിർബ്ബന്ധത്താലല്ല, പ്രചോദനത്താലാണ്; കൗശലത്താലല്ല, സ്വാധീനത്താലാണ് നയിക്കേണ്ടത്. അവരുടെ സ്വഭാവമേന്മയും മറ്റുള്ളവർ അവരിൽ കാണുന്ന നന്മയും ജ്ഞാനവും നിമിത്തം, ആട്ടിൻകൂട്ടം അവരെ സന്തോഷത്തോടെ അനുഗമിക്കും.

*ഭാവിയിലെ മൂപ്പന്മാർ സേവിക്കുവാൻ ശീലിക്കണം.* ബിസിനസ്സിൽ, ഏറ്റവും മുകളിലുള്ള മാനേജർ ജോലി ചെയ്യുന്നവർ താഴെ തട്ടിൽ നിന്നാണ് തുടങ്ങുന്നത്. ജോലിയിൽ മുഴുവൻ അവർക്കു ചെയ്യാൻ കഴിയുന്നത് അവർ ചെയ്യുന്നു. അതിനുള്ളിലെ സംഘടനയും ജോലി ചെയ്യുന്നവരുടെ പ്രശ്നങ്ങളും അതല്ലാതെ അവർ എങ്ങനെ മനസ്സിലാക്കും? അതുപോലെ, നാം മൂപ്പന്മാരായി അഭ്യസിച്ചു തുടങ്ങുന്നത് – ബൈബിളിൽ പറഞ്ഞതുപോലെ – നാം സേവിക്കുവാൻ തുടങ്ങുമ്പോഴാണ്.

*ഭാവിയിലെ മൂപ്പന്മാർ ഉൾപ്പെടേണ്ടതിനുള്ള അവസരങ്ങൾ നോക്കണം.* മൂപ്പന്മാരാകേണ്ട പുരുഷന്മാർ സഭയിൽ മേയ്ക്കുന്നതിൽ ഉൾപ്പെടുവാൻ അവസരങ്ങൾ അന്വേഷിക്കാൻ ആരംഭിക്കണം. മറ്റുള്ളവരുടെ ഉത്തരവാദിത്വം കൂടെ ഉൾപ്പെടുന്നതാണ് മൂപ്പന്മാരുടെ കടമകൾ അധികവും. ഉദാഹരണമായി, മൂപ്പന്മാർ കാണാതെ പോയ ആടുകളെ തിരയണം, എങ്കിലും പുതിയ നിയമത്തിൽ ആ ഉത്തരവാദിത്വം മറ്റു ക്രിസ്ത്യാനികൾക്കും നല്കിയിരിക്കുന്നു (ഗലാത്യർ 6:1). അതുപോലെ, മൂപ്പന്മാർ ഉപദേശിപ്പാൻ സമർത്ഥരായിരിക്കണം; എന്നിരുന്നാലും എല്ലാ ക്രിസ്ത്യാനികളും അവരുടെ ജീവിതങ്ങളാൽ ഉപദേശിക്കേണ്ടവരും, എല്ലാവരും അവരുടെ കഴിവും അവസരങ്ങളും അനുസരിച്ചു, ഉപദേശിക്കേണ്ടവരുമാണ്. അതിലുപരി, മൂപ്പന്മാർ ദുരുപദേശത്തെ ചെറുക്കേണ്ടവരായതിനാൽ, “വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിനായി” നാമെല്ലാവരും പോരാടേണ്ടവരാണ് (യൂദാ 3). അവസാനമായി, മറ്റുള്ളവരെ പ്രബോധിപ്പിക്കേണ്ടവരാണ് മൂപ്പന്മാർ; എന്നാൽ എബ്രായ ലേഖകൻ എല്ലാ ക്രിസ്ത്യാനികളോടും സംസാരിച്ചു, പറയുന്നു, “നാൾ തോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ” (എബ്രായർ 3:13).

തികച്ചും, ഒരു ഇടവക ഒരു പുരുഷനെ മൂപ്പനായി നിയമിച്ചാൽ, അങ്ങനെയായാൽ അയാൾക്കു ഒരു പുതിയ ജോലി അല്ല നൽകുന്നതു; അയാൾ ചെയ്തു വന്നതിലധികവും അങ്ങനെയുള്ള കാര്യങ്ങൾ ആണെന്നു സമ്മതിക്കാം – അവ ഏറ്റവും പ്രധാനപ്പെട്ടവയുമാണ് – അതായതു ഒരു മൂപ്പൻ ചെയ്യുന്നത്. അയാൾക്ക് എപ്പോഴും ആത്മാക്കളുടെ കരുതലിൽ ഉള്ള ഉത്തരവാദിത്വമാണ് ഔദ്യോഗികമായി അവനു അതു നൽകുന്നത്.

## ഉപസംഹാരം

കേൾക്കുകയും വായിക്കുകയും ചെയ്യുന്ന ആളുടെ പെരുമാറ്റത്തിൽ മാറ്റം ഉണ്ടാകുമ്പോഴാണ് ഒരു പാഠം വിജയിക്കുന്നത്. അതുകൊണ്ട്, ഈ പാഠം വിജയിക്കണമെങ്കിൽ (1) അതു ചില ഇടവകകൾ ഇതുവരെ മൂപ്പന്മാരെ നിയമിച്ചിട്ടില്ലെങ്കിൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിലേക്ക് നയിക്കണം; (2) മൂപ്പന്മാരില്ലാത്ത ഇടവകകൾ അതിന്റെ പ്രവൃത്തികൾ മുൻപു കൂടുതൽ ശ്രദ്ധയോടെ ചെയ്തില്ലെങ്കിൽ ഇപ്പോൾ മുതൽ അതിനു സഹായിക്കണം; (3) അതു പുരുഷന്മാർ ഭാവിയിൽ യോഗ്യതയുള്ളവരായി കർത്താവിന്റെ സഭയിൽ മൂപ്പന്മാരായി സേവിക്കുവാൻ തയ്യാറാക്കുവാൻ സഹായിക്കണം.

അങ്കിൾ സാം ചെറുപ്പക്കാരെ വിരൽ ചൂണ്ടി, "അങ്കിൾ സാം നിങ്ങളെ ആവശ്യപ്പെടുന്നു" എന്നു പറയുന്ന പോസ്റ്ററോടുകൂടെ യു.എസ്. പട്ടാളം യുവാക്കളെ പട്ടാളത്തിലേക്കു ക്ഷണിക്കയുണ്ടായി. ഇന്നു, ദൈവത്തിനു പുരുഷന്മാരെ ആവശ്യമാണ്! കർത്താവിന്റെ സഭയിൽ, ദൈവത്തിനു പ്രാസംഗികർ, വ്യക്തിപരമായ ജോലിക്കാർ, ഉപദേഷ്ടാക്കന്മാർ, ഒരുപക്ഷെ അതിലെല്ലാമുപരിയായി, മൂപ്പന്മാരെയും ആവശ്യമാണ്!

---

കുറിപ്പുകൾ

[1]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ കൊരിന്ത്യൻസ്* (എഡിൻബറോ: ദ സെയിന്റ് ആൻഡ്രൂ പ്രെസ്, 1973), 129. [2]ലിയോൺ മോറിസ്, *ദ ഫസ്റ്റ് എപ്പിസിൽ ഓഫ് പോൾ ടു ദ കൊരിന്ത്യൻസ്,* ഇൻ ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു. ബി. ഏർഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1958), 179.

© 2009 Truth for Today